കോഴിക്കോട് കോർപ്പറേഷനിൽ ചേരി നിർമ്മാർജ്ജനത്തിന് പദ്ധതി

121 (3075) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കോർപ്പറേഷനിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടെ ചേരി നിർമ്മാർജ്ജനത്തിനുവേണ്ടി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ കാലയളവിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാം ചേരികളിലാണ് നടപ്പിലാക്കിയത് ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി ഈ കാലയളവിൽ എത്ര ഫണ്ട് ലഭിച്ചു ?

ഉത്തരം

(എ) ചേരി നിർമ്മാർജ്ജനം എന്ന പേരിൽ പദ്ധതികളൊന്നും കഴിഞ്ഞ അഞ്ചുവർഷമായി നടപ്പിലാക്കിയിട്ടില്ല. എന്നാൽ ചേരികളുടെ വികസനത്തിനായി ചേരിവികസന പദ്ധതികൾ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കിവരുന്നു. റോഡുകൾ, നടപ്പാതകൾ, ഓവ് ചാലുകൾ എന്നിവയുടെ പണികളും വീടുനിർമ്മാണം, പരിഷ്ക്കരണം തെരുവ് വിളക്കുകൾ സ്ഥാപിക്കൽ ഭവന വൈദ്യുതീകരണം എന്നീ കാര്യങ്ങളിലും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) മേലേരിപ്പാടം, മാനാരിപ്പാടം, തൈവളപ്പ്, ചാമുണ്ഡിവളപ്പ്, മരുതുമൂളി, അച്ചാരത്തോപ്പ്, ചിറ്റാർകണ്ടി, നദീനഗർ, തിരുമുമ്പ് നിലം, പുതിയറപ്പടന്ന, കോതിസൗത്ത് വട്ടക്കുണ്ട്, കൂളിത്തറ, മുഖദാർ, പെരുമാൾക്കണ്ടി, വെള്ളയിൽ, മുണ്ടിടവയൽ, അയ്യപ്പൻകാവ്, കളത്തിൽതാഴം, തയ്ക്കൂട്ടം, വെസ്റ്റ് ഹിൽ, പുതിയാപ്പ, വെള്ളരിത്തോട്, കാമ്പുറം, പുതിയകടവ് കോയവളപ്പ്, കാവിൽത്താഴം, ചക്കുംകടവ് ഈസ്റ്റ്, മില്ലത്ത് കോളനി, തുരുത്തിവളപ്പ്, കപ്പക്കൽ, തോട്ടുളിപ്പാടം, പയ്യാനക്കൽ, കാളൂർതാഴം, ചാലിക്കര, പണ്ടാരത്തും വളപ്പ്, ഇല്ലത്ത് പറമ്പ്, പുതിയപാലം, നൈനാൻ വളപ്പ് എന്നീ ചേരികളിലാണ് നടപ്പിലാക്കിയത്.

(സി) 3,19,16,900 രൂപ ലഭിച്ചു.

ആരോഗ്യമേഖലയുടെ സ്വകാര്യവൽക്കരണം

122 (3076) ശ്രീ. എ. എൻ. രാജൻബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആരോഗ്യമേഖല സ്വകാര്യവൽക്കരിക്കണമെന്ന് എന്തെങ്കിലും കേന്ദ്ര സർക്കാർ ഏജൻസിയോ പഠനങ്ങളോ നിർദ്ദേശിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly